COCHIN DEVASWOM BOARD
Round North, Thrissur - 680 001
Ph: 2331124, 2327028, Fax: 2335874, 2327029
E-mail: admin@cochindevaswomboard.org

# ഭക്തജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന പ്രസ്താവനകളും പ്രചരണങ്ങളും ഒഴിവാക്കണം-കൊച്ചിൻ ദേവസ്വം ബോർഡ്

പണ്ടുകാലത്ത് വ്യക്തികളുടേയും സമുദായങ്ങളുടേയും, മറ്റ് ഊരാളന്മാരുടേയും, സമുദായപ്രമാണികളുടേയും കൈവശമുണ്ടായിരുന്ന ഹൈന്ദവക്ഷേത്രങ്ങളും അനുബന്ധ സ്ഥാപനങ്ങളും ദുർഭരണം, അഴിമതി, കെടുകാര്യസ്ഥത എന്നീ കാരണങ്ങളാലൊ അന്നത്തെ രാജഭരണത്തിന്റെ നിയന്ത്രണത്തിൽ കൊണ്ടുവരികയുണ്ടായി. ഈ ക്ഷേത്രങ്ങളുടേയും സ്ഥാപനങ്ങളുടേയും ഭരണത്തിനുവേണ്ടി സർക്കാർ പ്രത്യേക വകുപ്പ് സൃഷ്ടിക്കുകയും ചിട്ടയായ ഭരണക്രമം ഉണ്ടാക്കുകയും ചെയ്തു. മതേതര സർക്കാരിന്റെ ആവിർഭാവത്തോടുകൂടി ക്ഷേത്രഭരണം സർക്കാരിന്റെ ചുമതലയിൽനിന്നും മാറ്റേണ്ടത് അനിവാര്യമായിതീർന്നു. അതാണ് ദേവസ്വം ബോർഡുകളുടെ രൂപീകരണത്തിന് കാരണമായിതീർന്നത്.

ദേവസ്വം ബോർഡിനെ നിയമിക്കുന്നത് കേരള ഗവർണറാണ്. കൊച്ചിൻ ദേവസ്വം ബോർഡ് അടക്കം കേരളത്തിലെ ദേവസ്വം ബോർഡുകൾ രൂപീകരിച്ചിട്ടുള്ളത് ഭക്തജനങ്ങൾക്കായിട്ടാണ്. ക്ഷേത്രങ്ങളുടെ പരിപാലനവും ഭക്തജനങ്ങളുടെ താല്പര്യങ്ങളും സംരക്ഷിക്കുന്നവിധത്തിലാണ് ഈ. ബോർഡുകൾ രൂപകല്പന ചെയ്തിട്ടുള്ളത്. ഇതിനായി മേൽനോട്ടച്ചുമതലയാണ് ദേവസ്വം ബോർഡുകൾക്കുള്ളത്. ഭക്തജനങ്ങൾ കാണിക്കയായി നൽകുന്ന സംഖ്യ ക്ഷേത്രങ്ങൾക്കും ഭക്തജനങ്ങൾക്കുമുള്ള സേവനങ്ങൾക്കായി മാത്രമാണ് വിനിയോഗിച്ചുവരുന്നത്. കാണിക്ക സംഖ്യ അതാതു ഗ്രൂപ്പ് ദേവസ്വങ്ങളിലേക്ക് മാത്രമാണ് ചെല്ലുന്നത്. സർക്കാരിനൊ പുറമെനിന്നുള്ള ഒരു വ്യക്തിക്കൊ നയാപൈസ പോലും അതിൽനിന്നും എടുക്കുവാൻ സാധിക്കാത്തവിധത്തിലാണ് നിയമങ്ങൾ ഉണ്ടാക്കിയിരിക്കുന്നത്. ദേവസ്വം ബോർഡുകളുടെ രൂപകല്പന എങ്ങനെയെന്ന് മനസ്സിലാക്കാതെയാണ് സമൂഹത്തിലെ ഉന്നതരടക്കം ശ്രീ. സുരേഷ്ഗോപി എം.പി. ഉൾപ്പെടെയുള്ള

(മറുപുറം)

ഒരു വിഭാഗം ആളുകൾ ഭക്തജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന വിധത്തിൽ പലകോണുകളിൽ നിന്നും പ്രസ്താവനകൾ ഇറക്കിക്കൊണ്ടിരിക്കുന്നതും അത് വിശ്വസിച്ച് ചിലർ അതേറ്റുപിടിച്ച് പ്രചരണങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നതും. ക്ഷേത്രങ്ങളിൽ കാണിക്ക നൽകേണ്ടതില്ല എന്നതരത്തിലും മറ്റുമുള്ള പ്രസ്താവനകൾ തികച്ചും തെറ്റായ പ്രവണതയാണ് കാണിക്കുന്നത്

കൊച്ചിൻ ദേവസ്വം ബോർഡ് 1950ലെ ട്രാവൻകൂർ കൊച്ചിൻ ഹിന്ദു റിലീജിയസ് ഇൻസ്റ്റിറ്റ്യൂഷൻ ആക്ട് പ്രകാരമാണ് രൂപീകൃതമായിരിക്കുന്നത്. കൊച്ചിൻ ദേവസ്വം ബോർഡിന് 403 ക്ഷേത്രങ്ങളും 298 കൺട്രോൾ ക്ഷേത്രങ്ങളും, കേരളവർമ്മ കോളേജ്, വിവേകാനന്ദ കോളേജ്, ചിറ്റൂർ പാഠശാല ഹൈസ്ക്കൂൾ എന്നീ വിദ്യാഭ്യാസ സ്ഥാപനങ്ങളും നെല്ലുവായ് ധന്വന്തരി ആയുർവ്വേദ ആശുപത്രിയും ഏകദേശം 1500 ഏക്രയോളം ക്ഷേത്രഭൂമിയുമാണുള്ളത്. ഏകദേശം 3000 ൽപരം കുടുംബങ്ങൾ കൊച്ചിൻ ദേവസ്വം ബോർഡിനെ ആശ്രയിച്ചാണ് ജീവിക്കുന്നത്. സ്വയംഭരണപ്രകാരമാണ് ബോർഡിന്റെ പ്രവർത്തനം നടന്നുകൊണ്ടിരിക്കുന്നത്. സർക്കാർ ഹിന്ദു എം.എൽ.എ. മാർ വോട്ട് ചെയ്ത് കാലാകാലം ദേവസ്വം ബോർഡുകൾ രൂപീകരിച്ചുവരുന്നുണ്ടെങ്കിലും ബോർഡിന്റെ ഭരണകാര്യങ്ങളെ നിയന്ത്രിക്കുവാനൊ ഇടപെടാനൊ സാധിക്കുകയില്ല എന്നിരിക്കെ ഇക്കാര്യങ്ങൾ വ്യക്തമായി മനസ്സിലാക്കാൻപോലും ശ്രമിക്കാതെയാണ് തെറ്റിദ്ധാരണജനകമായ പ്രസ്താവനകളും പ്രചരണങ്ങളും നടത്തിക്കൊണ്ടിരിക്കുന്നത്. ഇത്തരത്തിലുള്ള ദുർപ്രചരണങ്ങളിൽനിന്നും പിൻതിരിയണമെന്നും ഭക്തജനങ്ങൾ കാര്യങ്ങൾ വ്യക്തമായി മനസ്സിലാക്കി പ്രവർത്തിക്കണമെന്നും ബോർഡ് ഈ അവസരത്തിൽ അഭ്യർത്ഥിക്കുന്നു. എല്ലാ ഭക്തജനങ്ങളുടേയും സഹായസഹകരണങ്ങൾ ഒരിക്കൽകൂടി അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

കാര്യങ്ങൾ യഥാവിധി ഗ്രഹിക്കാതെ സിനിമാനടനും രാജ്യസഭയിലെ നോമിനേറ്റഡ് എം.പി. യുമായ ശ്രീ. സുരേഷ്ഗോപിയെപോലുള്ളവർ നടത്തിയ അത്യന്തം തെറ്റിദ്ധാരണ പരത്തിയ പ്രസ്താവനകളും മാധ്യമ വാർത്തകളും ദേവസ്വം ബോർഡിനും സർക്കാരിനും അപകീർത്തിപ്പെടുത്തുന്ന രാഷ്ട്രീയ ലാക്കോടുകൂടിയുള്ളതാണ്. ഭക്തജനങ്ങളും പൊതുസമൂഹവും ഈ വിധത്തിലുള്ള ഗൂഢതന്ത്രങ്ങളെ തിരിച്ചറിഞ്ഞ് അവഗണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**കെ.എൻ. ഉണ്ണികൃഷ്ണൻ**
മെമ്പർ,
കൊച്ചിൻ ദേവസ്വം ബോർഡ്.

**ഡോ: എം.കെ. സുദർശൻ**
പ്രസിഡണ്ട്,
കൊച്ചിൻ ദേവസ്വം ബോർഡ്.

**അഡ്വ.ടി.എൻ. അരുൺകുമാർ**
മെമ്പർ,
കൊച്ചിൻ ദേവസ്വം ബോർഡ്.

തൃശ്ശൂർ,
23-8-2018